(ബി) കനാലുകളെ നിലനിർത്തുന്നതിനും നീരൊഴുക്ക് സാധ്യമാക്കുന്നതിനുമ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത കനാലുകളുടെ ആദ്യകാല സ്കെച്ചുകൾ (രേഖാചിത്രങ്ങൾ) ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. സമഗ്ര ആരോഗ്യ പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നഗരത്തിലുള്ള 9 കനാലുകൾക്ക് 348 ലക്ഷം രൂപ മതിപ്പ് ചിലവ് പ്രതീക്ഷിക്കുന്ന നവീകരണ പ്രവൃത്തി നടന്നുവരുന്നു. കൂടാതെ ചെളി അടിഞ്ഞുകൂടി ഇടുങ്ങി നീരൊഴുക്ക് തടസ്സപ്പെട്ട 104 ഉപകനാലുകളെ പൂർവ്വസ്ഥിതിയിലാക്കുന്നതിനു വേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) ലഭ്യമല്ല.

**പുഴയുടെ തീരസംരക്ഷണ പദ്ധതി**

**161 (853)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ പുഴയുടെ തീരം കെട്ടി സംരക്ഷിക്കുന്നതിന് 2011-12-ൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ; എത്ര തുക അനുവദിച്ചു ;

(ബി) 2012-13-ൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ; എത്ര തുക അനുവദിച്ചു ;

(സി) 2013-14-ൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ; എത്ര തുക അനുവദിച്ചു ;

(ഡി) 2014-15-ൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ; എത്ര തുക അനുവദിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിന്റെ വിവിധ സ്ഥലങ്ങളിൽ പുഴയുടെ തീരം കെട്ടി സംരക്ഷിക്കുന്നതിന് 2011-12 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്കക്കെടുതിയിൽ ഉൾപ്പെടുത്തി 23 ലക്ഷം രൂപയുടെ 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചു. ഒരു പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2013-14 വർഷത്തിൽ നിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 70.15 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൽ രണ്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഒരു പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ഡി) 2014-15 വർഷത്തിൽ 40 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

**ആലപ്പുഴ കടിവെള്ള പദ്ധതി**

**162 (854)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ കുടിവെള്ള പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ ;

(ബി) പദ്ധതിയോടനുബന്ധിച്ച് ഇതുവരെ പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയാണ് ; വിശദമാക്കുമോ ;

(സി) പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ അംഗീകരിച്ച റിപ്പോർട്ട് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കുവാനുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2015 ആഗസ്റ്റ് മാസത്തോടെ പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.